# ദനഹാക്കാലം

## വചന വിചിന്തനം

### നാലാം ഞായർ

### യോഹ 2,1-11

**"കുരിശിന് മുമ്പിലെ അമ്മമാരുടെ വിരിക്കപ്പെട്ട കരങ്ങളാണ് ഓരോ മക്കളുടെയും ജീവിതത്തെ സുകൃതസമ്പന്നമാക്കുന്നത്"**

വി.ഫ്രാൻസീസ് അസ്സീസിയുടെ ജീവിതത്തിൽ നിന്ന് ഒരേട്. ഫ്രാൻസീസ് ആത്മഗതം ചെയ്യുകയാണ്;

അപ്പൻ പറയുന്നു, "ഈ ലോകത്തെ വെട്ടിപിടിക്കണം. കാരണം, ഈ ലോകത്തെ ദൈവം സൃഷ്ടിച്ചിരിക്കുന്നത് നിനക്ക് വെട്ടിപിടിക്കാനാണ്. അതിനാൽ തന്നെ ആരുടെ നെഞ്ചത്ത് കയറിനിന്നിട്ടാണെങ്കിലും വിജയം! ഇത് മാത്രമായിരിക്കണം നിന്റെ സ്വപ്നം."

അമ്മയാകട്ടെ രാത്രിയുടെ ഇരുണ്ട നേരങ്ങളിൽ മകൻ ഉറങ്ങി കഴിയുമ്പോൾ മകന്റെ കട്ടിലിൽ ക്രൂശിതരൂപം കൊണ്ടുവച്ച് മെഴുകുതിരിയുടെ ഇരുണ്ട വെളിച്ചത്തിൽ കർത്താവിനോട് പ്രാർത്ഥിക്കുന്നു. ഈ പ്രാർത്ഥന മകനോടുള്ള യാചനയാണ്.

അമ്മ പറയുന്നു, "ഈ ലോകത്തെ സ്നേഹിച്ച് തോൽപിക്കാൻ. കാരണം, ക്രിസ്തുവിന് സാധിക്കാൻ കഴിയാതെ പോയത് നിന്നിലൂടെ പൂർത്തിയാകണം. നീ ഈ ഭൂമിയിലേയ്ക്ക് വന്നത് ഇതിനു വേണ്ടി മാത്രമാണ്."

ഫ്രാൻസീസിന്റെ ജീവതത്തിലെ ഏറ്റവും പ്രയാസകരമായ കാലഘട്ടമായിരുന്നു അത്. അപ്പൻ കാണിച്ച് തരുന്ന വഴിയെ യാത്ര ചെയ്യണോ? അതോ, അമ്മയുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായ് ജീവിതത്തെ മാറ്റണോ? അവസാനം അമ്മയുടെ പ്രാർത്ഥന മകന്റെ ജീവിതചര്യയായ് മാറ്റപ്പെടുന്നു. സ്നേഹം കൊണ്ട് ഈ ലോകത്തെ കീഴ്പ്പെടുത്തി. തിരുസഭ അവനെ വിശുദ്ധൻ എന്ന് നാമകരണം ചെയ്തപ്പോൾ ലോകം അവനെ രണ്ടാമത്തെ ക്രിസ്തുവെന്ന് വിളിച്ചു.

ആലോചനകളിൽ
ആരുടെ സാന്നിദ്ധ്യം
ഇല്ലെങ്കിലും
ക്രിസ്തുവിന്റെ
സാന്നിദ്ധ്യം
ഉറപ്പാക്കുക.
കാരണം,
കർത്താവിന്റെ
തുളക്കപ്പെട്ട കരങ്ങൾ
ഏതെല്ലാം ഭവനങ്ങൾക്ക്
മീതെ
തുറന്നിരിക്കുന്നുണ്ടോ
ആ ഭവനങ്ങളെല്ലാം
അനുഗ്രഹം
സ്വന്തമാക്കിയിട്ടുണ്ട്!

ഓരോ മകന്റെയും ജീവിത്തിന്റെ വിജയത്തിന് പിന്നിൽ ഒരു സ്ത്രീയുടെ കരമുണ്ടാകും. ആ സ്ത്രീയുടെ പേരാണ് "അമ്മ." മകന്റെ ഓരോ വിജയത്തിന് പിന്നിലും അമ്മയുടെ കരസ്പർശമുണ്ടെങ്കിൽ ഓരോ മകന്റെ തോൽവിയുടെ പിന്നിലും ഒരു നല്ല അമ്മയുടെ കുറവ് ദർശ്ശിക്കാനാകും.

മോഷണത്തിനിടെ ഒരുവനെ യാദൃശ്ചികമായി കൊല്ലേണ്ടിവന്ന മകൻ തൂക്കുമരവും കാത്ത് ജയിലിൽ കിടക്കുകയാണ്. അവസാനം അവന്റെ കഴുത്തിൽ കൊലക്കയർ തൂങ്ങുന്ന ആദിവസം വന്നെത്തി. തലേദിവസം ജഡ്ജി വന്ന് അവനോട് പറഞ്ഞു, "നാളെയാണ് താങ്കളെ തൂക്കി കൊല്ലുന്ന ദിവസം. എന്തെങ്കിലും അവസാനമായി ആഗ്രഹമുണ്ടോ?"

"ഉണ്ട്" അവൻ പറഞ്ഞു, "എനിക്ക് എന്റെ അമ്മയ്ക്ക് അവസാനമായ് ഒരു മുത്തം നൽകണം."

അവന്റെ ആഗ്രഹം നിറവേറ്റാനായ് അമ്മയെ ജയിലിലേയ്ക്ക് എത്തിച്ചു. അമ്മയുടെ അടുത്തെത്തിയ അവൻ അമ്മയെ ചേർത്ത് പിടിച്ച് അമ്മയ്ക്ക് ഒരു മുത്തം സമ്മാനിച്ചു. മുത്തം കൊടുക്കുന്നതിനോടൊപ്പം അവൻ അമ്മയുടെ മൂക്കും കടിച്ചെടുക്കുകയാണ്. ഇതിനെ ചോദ്യം ചെയ്ത ജഡ്ജിയോട് അവൻ പറയുകയാണ്;

"ഞാൻ ആദ്യമായ് മോഷ്ടിച്ചത് അടുത്ത പറമ്പിലെ ജാതിക്കയാണ്. അന്ന് എന്റെ അമ്മ ഇത് തെറ്റാണ് എന്ന് പറഞ്ഞ് എന്നെ തിരുത്തിയിരുന്നെങ്കിൽ ഞാൻ മരണവും കാത്ത് ഇവിടെ കിടക്കില്ലായിരുന്നു. മോഷ്ടിച്ച ജാതിക്കായ വിറ്റ് കിട്ടിയ പണവുമായ് ഞാൻ വീട്ടിലേയ്ക്ക് കയറി ചെന്നപ്പോൾ അമ്മ എന്നെ തിരുത്തുകയല്ല, മറിച്ച്, പ്രോത്സാ

ഹിപ്പിക്കുകയാണ് ചെയ്തത്."

അവൻ വിതുമ്പുകയാണ്...

"എല്ലാ അമ്മമാർക്കും ഇത് ഒരു പാഠമായിരിക്കണം. മക്കൾ തെറ്റു ചെയ്യുമ്പോൾ അവരെ തിരുത്തണം. തിരുത്തിയില്ലെങ്കിൽ എന്നിൽ നിന്ന് വിഭിന്നമായ മറ്റൊന്ന് പ്രതീക്ഷിക്കരുത്!"

ഇത് കുട്ടിയായിരിക്കുമ്പോൾ അമ്മ ചോറ് വാരിതരുമ്പോൾ പറഞ്ഞ കഥകളിൽ ഒന്നുമാത്രമാണ്. പക്ഷെ, ഇതിന്റെ പുറകിലെ ആശയം ഏറെ സമ്പന്നമാണ്. മകന്റെ ജീവിതത്തിന് പുറകിൽ കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന, അവരെ പ്രോത്സാഹിപ്പിക്കുന്ന അമ്മമാരുടെ സാന്നിദ്ധ്യം ഇന്ന് കുറഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ട് തന്നെ സമൂഹത്തിൽ തിന്മകളുടെ എണ്ണവും വർദ്ധിക്കുന്നു. ഇവിടെയാണ് തിരുസഭമാതാവ് മാതൃകയായ് കാനായിലെ വിവാഹവേളയിൽ മകനെ വളർത്തുന്ന അമ്മയായ് പരി.കന്യകാമറിയത്തെ അവതരിപ്പിക്കുന്നത്.

മാതാവിന്റെ മാദ്ധ്യസ്ഥ്യം വെളിപ്പെടുത്തുന്ന ഇടങ്ങളിൽ ഒന്നാണ് കാനാ. ഒരു കുടുംബം സങ്കടങ്ങളുടെ നടുകടലിൽ നിൽക്കുന്നു. ആ കുടുംബം ആരും കാണാതെ അമർത്തിപിടിച്ച് കരയുമ്പോൾ ഒരാൾ മാത്രം ആ കരച്ചിൽ കേട്ടു. കാരണം, സങ്കടങ്ങളുടെ പെരുവഴിയിൽ നിൽക്കുന്ന അവൾക്കു മാത്രമെ ആ നിലവിളി കേൾക്കാൻ സാധിക്കു. നമ്മൾ പറയാറില്ലേ, "സഹിച്ചവനെ സഹിക്കുന്നവനെ തിരിച്ചറിയാൻ സാധിക്കു" എന്ന്. അതുതന്നെയാണ് ഇവിടെയും സംഭവിച്ചത്. സങ്കടങ്ങളുടെ ഏഴു കടലുകൾ നീന്തി കയറേണ്ട അവൾക്ക് ആ കുടുംബത്തിന്റെ കണ്ണുനീർ തിരച്ചറിയാൻ സാധിക്കുന്നില്ലെങ്കിൽ ആർക്കും ആ സങ്കടം കണ്ടെത്താൻ സാധിക്കില്ല. വിശപ്പറിഞ്ഞവൻ വിശക്കുന്നവന്റെ നിലവിളിക്ക് ഉത്തരം നൽകുന്നതുപോലെ അവൾ ആ കുടുംബത്തിന്റെ കണ്ണുനീർ തുടച്ചുമാറ്റുകയാണ്.

*അവൻ പറയുന്നതുപോലെ ചെയ്തപ്പോൾ കാനായിലെ വിവാഹഘോഷത്തത്തിൽ അൽഭുതം അരങ്ങേറി! ദൈവത്തോടൊപ്പം അദ്ധ്വാനിക്കാൻ മനുഷ്യൻ ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.*

മറിയത്തിന്റെ മഹത്വം, "ആ കുടുംബത്തിന്റെ കണ്ണുനീർ ആരും തിരിച്ചറിയാത്തപ്പോഴും അവൾ കണ്ടെത്തി എന്നതല്ല. മറിച്ച്, ആ കുടുംബത്തിന്റെ കണ്ണുനീരിന് ഒരു പരിഹാരം അവൾക്കുണ്ട് എന്നുള്ളതാണ്." ഒരുപാട് പേരെ ഗൃഹനാഥൻ വിവാഹവിരുന്നിന് ക്ഷണിച്ചിരുന്നു. ആ കുടുംബം വലിയ ഒരു ദുരന്തത്തിന് മുമ്പിൽ നിൽക്കുമ്പോൾ ആ ദുരന്തത്തിന്റെ കാരണം തേടുകയായിരുന്നു മറ്റുള്ളവർ. ചിലർ ഗൃഹനാഥനെ ഉത്തരവാദിത്വമില്ലായ്മയെ ക്രൂശിച്ചപ്പോൾ ചിലർ കണ്ടെത്തിയത് കുശിനിക്കാരന്റെ അനാസ്ഥയെയാണ്. എന്നാൽ, മറ്റു ചിലർ കണ്ടെത്തിയത് വധുവിന്റെ അനുഗ്രഹമില്ലായ്മയാണ്. ഇങ്ങനെ വിവിധങ്ങളായ കാരണങ്ങൾ അവിടെ കൂടിയിരുന്നവർ നിരത്തിയപ്പോൾ പ്രശ്നപരിഹാരത്തിന് ഉത്തരം സമ്മാനിച്ചത് യേശുവിന്റെ അമ്മ മാത്രമാണ്. നമ്മുടെ കുടുംബജീവിതത്തിലും വിവിധങ്ങളായ പ്രശ്നങ്ങൾ അരങ്ങേറാറുണ്ട്. ഈ പ്രശ്നങ്ങൾക്ക് കാരണം ഭാര്യയാണോ ഭർത്താവാണോ അതോ മക്കളാണോ എന്ന് അന്വേഷിക്കാനാണ് വീട്ടുക്കാർക്കും നാട്ടുക്കാർക്കും താത്പര്യം. പക്ഷെ, ഇതല്ല ആവശ്യം. മറിച്ച്, പ്രശനപരിഹാരമാണ്.

ഇവിടെയാണ് മറിയം മാതൃകയാകുന്നത്. പ്രശ്നങ്ങൾക്ക് പരിഹാരമായി ദൈവപുത്രനെ ചൂണ്ടികാണിച്ച് മാതാവ് ആ കുടുംബത്തിന്റെ സങ്കടങ്ങൾക്ക് ആശ്വാസമാവുകയാണ്. മാതാവ് ആ കുടുംബത്തിന് വേണ്ടി മാദ്ധ്യവർത്തിയായ് തന്റെ മകന്റെ മുമ്പിൽ നിന്നപ്പോൾ 'പ്രശ്നപരിഹാരം' മാത്രമല്ല 'സമൃദ്ധി' കൂടി ആ കുടുംബം അനുഭവിച്ചറിയുകയാണ്. ഒരു കൽഭരണിയിൽ ഏകദേശം എഴുപത്തിയഞ്ച് ലിറ്റർ വീഞ്ഞ് കൊള്ളും. ഇത്തരണത്തിലുള്ള ഒരു കൽഭരണി വീഞ്ഞ് മാത്രം വേണ്ടിടത്ത് കർത്താവ് സമ്മാനിക്കുന്നത് ആറ് കൽഭരണി വീഞ്ഞാണ്. അതും വെറും വീഞ്ഞല്ല. മറിച്ച്, ഇന്നോളം അവർ കഴിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും ഗുണവും വീര്യവും ഏറിയ നല്ല വീഞ്ഞ്.

വചനത്തിൽ നാം വായിക്കുന്നു, "എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല" (യോഹ 15,5). ഈ വചനഭാഗത്തിന്റെ വ്യാഖ്യാനം തന്നെയാണ് കാനായിലെ വിവാഹ വേളയിൽ ക്രിസ്തു സമ്മാനിക്കുന്നത്. യേശുവിന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയ ഒരു വിവാഹമായിരുന്നു കാനായിലെ വിവാഹവിരുന്ന് (യോഹ 2,2). ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉറപ്പാക്കാത്ത ആഘോഷങ്ങൾ അപൂർണ്ണമാണ്. കാരണം, മനുഷ്യന്റെ കണക്കുകൂട്ടലുകൾ പരാജയപ്പെടുന്നിടത്ത്, അവന് പിടിച്ച് നിൽക്കണമെങ്കിൽ കർത്താവിന്റെ സാന്നിദ്ധ്യം അനിവാര്യമാണ്. കാനായിലെ വിവാഹവീട്ടിലേയ്ക്ക് കണ്ണോടിക്കുക. വിവാഹവിരുന്ന് നടത്തുമ്പോൾ കണക്കുകൾ കൂട്ടിയും കുറച്ചും നോക്കാതെ സാധനങ്ങൾ ക്രമീകരിക്കുന്ന ഏത് ഗൃഹനാഥനാണുള്ളത്. എന്നിട്ടും, ആ കുടുംബത്തിലേയ്ക്ക് വലിയ വിപത്ത് വിരുന്ന് വരുകയാണ്. ആ കുടുംബനാഥന്റെ കണക്കുകൂട്ടലുകൾ തെറ്റുമ്പോൾ കർത്താവ് അവിടെ ഇടപെടുകയാണ്. എങ്കിൽ, "കണക്കുകൂട്ടലുകൾ തെറ്റിയാലും നാം ഉറപ്പാക്കേണ്ടത് കർത്താവിന്റെ സാന്നിദ്ധ്യമാണ്. കാരണം, അവിടെ സമൃദ്ധിയുണ്ടാകും."

*കണക്കുതെറ്റിയ*
*ഒരു കുടുംബനാഥനെ*
*വചനം മുമ്പിൽ*
*വയ്ക്കുന്നു.*
*കണക്കു തെറ്റുമ്പോൾ*
*രണ്ട് വഴികളാണ്*
*നമുക്ക് മുമ്പിൽ;*
*1. ഒരിക്കലും*
*കണക്കുതെറ്റാത്തവനിൽ*
*അഭയം തേടുക.*
*2. തെറ്റിയ കണക്കിൽ*
*മനം നൊന്ത്*
*നിരാശയിൽ ജീവിതം*
*അവസാനിപ്പിക്കുക.*
*കാനായിലെ ഗൃഹനാഥൻ*
*തിരഞ്ഞെടുത്തത്*
*ഒന്നാമത്തെ മാർഗ്ഗമാണ്...*

ഒരു "തീർന്നുപോകലിന്റെ" ദുരന്തമാണ് കാനായിലെ വിവാഹവിരുന്നിന്റെ സങ്കടത്തിന് കാരണം. "അവിടെ വീഞ്ഞ് തീർന്നുപോയപ്പോൾ..." (യോഹ 2,3). തീർന്നുപോകൽ എല്ലായ്പ്പോഴും സങ്കടകടലിലേയ്ക്കുള്ള മലക്കംമറിച്ചിലാണ്. കനായിലെ വിവാഹ വേളയിൽ ആ കുടുംബനാഥനെ സങ്കടപ്പെടുത്തുന്നത് വീഞ്ഞ് തീർന്നുപോകുന്നതാണെങ്കിൽ ഇന്ന് നമ്മുടെ കുടുംബങ്ങളിലും സങ്കടങ്ങൾ അരങ്ങേറുന്നത് പലപ്പോഴും ചില കാര്യങ്ങൾ തീർന്നുപോകുന്നതു കൊണ്ടുമാത്രമാണ്. ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള സ്നേഹം തീർന്നുപോകുന്നത്... മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തിന്റെ ഊഷ്മളത തീർന്നുപോകുന്നത്... ആരോഗ്യവും സമ്പത്തും സൗന്ദര്യവും തീർന്നുപോകുന്നത്... ഇങ്ങനെയുള്ള "തീർന്നുപോകലിന്റെ" അവശേഷിപ്പാണ് സങ്കടകടൽ! ഇത്തരം സങ്കടകടലിൽ പതറാതെ പകയ്ക്കാതെ പിടിച്ച് നിൽക്കണമെങ്കിൽ കർത്താവിന്റെ സാന്നിദ്ധ്യം നാം ഉറപ്പാക്കണം.

ഇങ്ങനെയുള്ള സങ്കടകടലിന്റെ നടുവിൽ നിൽക്കുമ്പോൾ നമുക്കാശ്വാസം നൽകുന്നത് മാതാവിന്റെ മാദ്ധ്യസ്ഥമാണ്. അവൾക്ക് നമ്മളോട് പറയാനുള്ളത് അന്നും, ഇന്നും, എന്നും ഒന്നു മാത്രമാണ്, "അവൻ നിങ്ങളോട് പറയുന്നതുപോലെ ചെയ്യുവിൻ" (യോഹ 2,5). അവൻ പറയുന്നത് പോലെ ചെയ്യാൻ നാം തെയ്യാറാണോ? എങ്കിൽ, സങ്കടകടലിന് ആശ്വാസം ലഭിക്കും എന്നതുമാത്രമല്ല 'സമൃദ്ധിയും' ഉണ്ടാകും. ക്രിസ്തുവിനെ ജീവിതത്തിന്റെ 'നടുക്ക്' നിർത്താൻ നമുക്ക് സാധിക്കണം. പലപ്പോഴും, നമുക്കിഷ്ടം കർത്താവിനെ 'സൈഡിലേയ്ക്ക്' മാറ്റിയിരുത്താനാണ്. കർത്താവിനിഷ്ടം നമ്മുടെ 'മദ്ധ്യേ' വസിക്കാനാണ്. വചനം സാക്ഷ്യപ്പെടുത്തുന്നു, "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച് കൂടുമ്പോൾ അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ 18,20) എന്ന്. സെഹിയോൻ മാളികയിൽ മാതാവിനോടൊത്ത് പ്രാർത്ഥിച്ചിരുന്ന ശിഷ്യസമൂഹത്തിന്റെ മദ്ധ്യേയാണ് ക്രിസ്തു പ്രത്യക്ഷപ്പെടുന്നത്. എമാവൂസിലേയ്ക്ക് യാത്ര ചെയ്യുന്ന ശിഷ്യൻമാരുടെ കൂടെ മദ്ധ്യേയാണ് കർത്താവ് യാത്ര ചെയ്യുന്നത്. കാനായിലെ വിവാഹവേളയിൽ കർത്താവ് ആ കുടുംബത്തിന്റെ മദ്ധ്യേ ഉണ്ടായിരുന്നു. അത് അവർക്ക് അനുഗ്രഹമായി ഭവിക്കുന്നു.

***"അൾത്താരയെ സാക്ഷിയാക്കിയാണ് ഒരോ കുടുംബവും രൂപപ്പെടുന്നത്. ആ കുടുംബങ്ങളുടെ മദ്ധ്യേ കർത്താവിനെ കുടിയിരുത്തുമ്പോഴാണ് കുടുംബ ജീവിതം അനുഗ്രഹപൂർണ്ണമാകുന്നത്."***

ഫാ. ജോബി മെനേത്ത് : +91 944 7777 931